ജലം എത്തിച്ചു കഴിഞ്ഞിട്ടുണ്ട്. പിന്നെ വോൾട്ടേജ് സ്റ്റെബിലൈസറിനെ പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. വോൾട്ടേജ് സ്റ്റെബിലൈസറിന് ഓർഡർ നൽകിയിട്ടുണ്ട്. 1996 മാർച്ച് അവസാനത്തോടുകൂടി ഈ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യും.

(15) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

പ്രൊഫസർ മീനാക്ഷി തമ്പാൻ : സർ, തീരദേശ പ്രദേശമായ കൊടുങ്ങല്ലൂരിൽ പ്രത്യേകിച്ച് എറിയാട് പഞ്ചായത്തിലെ അഴീക്കോടും മേത്തല പഞ്ചായത്തിലെ വി. പി. തുരുത്തിലും അനുഭവപ്പെടുന്ന അതി രൂക്ഷമായ കുടിവെള്ള ക്ഷാമത്തിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഈ പ്രദേശങ്ങളിൽ കുഴൽകിണർ കുഴിച്ചാൽപ്പോലും ഉപ്പുവെള്ളം മാത്രമേ ലഭിക്കുകയുള്ളു എന്നതുകൊണ്ട് പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതികളെയാണ് പൂർണ്ണമായി ആശ്രയിക്കുന്നത്. ഈ പ്രദേശങ്ങളിൽ രണ്ടുമൂന്നു മാസംകൊണ്ട് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം മാത്രമാണ് വെള്ളം ലഭിക്കുന്നത്. അഴീക്കോട്ടിൽ ശുദ്ധജല വിതരണത്തിനുവേണ്ടി പ്രത്യേകമായി ഒരു പദ്ധതിയുണ്ടെങ്കിലും വർഷങ്ങളേറെക്കഴിഞ്ഞിട്ടും അത് ഇതുവരേയും കമ്മീഷൻ ചെയ്തിട്ടില്ല. ഇപ്പോഴും പുതുതായി സീതിസാഹിബ് മെമ്മോറിയൽ വരെ രണ്ടു കിലോമീറ്ററോളം പൈപ്പുകൾ ഇട്ടിട്ടുണ്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രിയടക്കം പങ്കെടുത്ത റിവ്യൂ യോഗങ്ങളിൽ അഴീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതിനെക്കുറിച്ച് ധാരാളം ചർച്ചയുണ്ടായിരുന്നെങ്കിലും കാര്യമായി ഒന്നുംതന്നെ നടന്നിട്ടില്ല. ഈ പദ്ധതി പൂർത്തീകരിച്ച് അഴീക്കോടു മേഖലയിലെ ശുദ്ധജലക്ഷാമം പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചനവും സാംസ്ക്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇപ്പോഴത്തെ ഓപ്പറേഷനിലിരിക്കുന്ന ഒരു സ്കീമിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. എം.എൽ.എ. മാരുമായി നടത്തിയ ചർച്ചകളെത്തുടർന്നാണ് 4 എം. എൽ. ഡി. വെള്ളത്തിനു പുറമെ 8.1 എം. എൽ. ഡി. വെള്ളം കണക്കാക്കി പമ്പുറസറ് മാറ്റി സ്ഥാപിച്ച് വിതരണം നടത്താനുള്ള ക്രമീകരണങ്ങളും പൂർത്തിയായിക്കഴിഞ്ഞത്. നിലവിലുള്ള ടാപ്പുകളിൽ വൈദ്യുതി നിയന്ത്രണംമൂലമാണ് ശരിയായ ക്രമത്തിൽ വെള്ളം എത്തിക്കാൻ കഴിയാതിരുന്നത്. എന്നിരുന്നാലും ആഴ്ചയിൽ രണ്ടുദിവസം അഴീക്കോട് പ്രദേശത്തേക്കും മൂന്നുദിവസം വി.പി. തുരുത്ത് ഉൾപ്പെടെയുള്ള പഞ്ചായത്തിലും കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റി പ്രദേശത്തേക്കും വാൽവ് ഓപ്പറേഷൻ നടത്തി ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. അഴീക്കോട് പദ്ധതിക്കുവേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ ടെൻഡർ വിളിച്ച് പണി നടന്നുകൊണ്ടിരിക്കുകയാണ്. പണി പൂർത്തിയായി കഴിഞ്ഞാൽ കൂടുതൽ വെള്ളം നൽകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly